സ്വകാര്യ ഭൂമിയിൽ നട്ടുവളർത്തിയിരുന്ന ചന്ദനമരങ്ങൾ

106 [T1824] ശ്രീമതി മേഴ്സി രവി :

ശ്രീ. കെ. സി. ജോസഫ് :

ഡോ. എം. എ. കുട്ടപ്പൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സ്വകാര്യഭൂമിയിൽ നട്ടുവളർത്തിയിരുന്ന എത്ര ചന്ദനമരങ്ങൾ മോഷ്ടിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ ;

(ബി) അതിന്റെ പേരിൽ എത്ര കേസുകളെടുത്തിട്ടുണ്ട് ;

(സി) പ്രസ്തുത കാലയളവിൽ സ്വകാര്യ വനഭൂമിയിൽനിന്ന് ചന്ദനമരം മോഷ്ടിച്ചതുമൂലം സ്വകാര്യ ഭൂവുടമകൾക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

ചന്ദനറെയ്ഡ്

107 [T1825] ശ്രീ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈയടുത്ത കാലത്ത് വാളയാർ ചെക്ക്പോസ്റ്റിൽ നടന്ന ചന്ദനറെയിഡുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) അത്തരത്തിലുള്ള ഒരന്വേഷണത്തിന് ഉത്തരവിടാനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാളയാർ ചെക്ക്പോസ്റ്റിൽ ചന്ദനറെയ്ഡ് നടന്നിട്ടില്ല.

(ബി) 'എ'-യുടെ മറുപടിയുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly